# KERALA AGRICULTURAL UNIVERSITY

**ESTATE OFFICE, VELLANIKKARA, THRISSUR – 680 656**

**E-mail : estatevka@kau.in Website: www.kau.in**

**Phone : 0487- 2438616**


നമ്പർ: ബി/02/2016 തിയ്യതി : 17/06/2016

## റഗുലർ ടാപ്പിങ്ങിനും സ്ലോട്ടർ ടാപ്പിങ്ങിനുമുള്ള പുനർലേല പരസ്യം

കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ 05/02/2016 തിയ്യതി വച്ച് ജിഎ./ഇ2/ 22807/2013 നമ്പറിട്ടു ഇറങ്ങിയ ഉത്തരവും 13/06/2016 തിയ്യതിയിലെ ഇതേ നമ്പറിലുള്ള റജിസ്ട്രാറുടെ കത്തും പ്രകാരം കേരള കാർഷിക സർവ്വകലാശാല എസ്റ്റേറ്റിലുള്ള റബ്ബർ മരങ്ങ**ൾ** താഴെ കാണിച്ചിരിക്കുന്ന പ്രകാരം ബ്ലോക്ക് തിരിച്ച് റഗുലർ ടാപ്പിങ്ങിനും സ്ലോട്ടർ ടാപ്പിങ്ങിനുമായി പുനർലേലം ചെയ്യുവാൻ നിശ്ചയിച്ചിട്ടുണ്ട്

## പുനർലേലത്തിന്റെ വിശദാംശങ്ങൾ

| | |
|---|---|
| ലേലം നടത്തുന്ന സ്ഥലം | : **കെ.എ.യു. എസ്റ്റേറ്റ് ഓഫീസ്, വെള്ളാനിക്കര** |
| ലേല ദിവസം | **:** 12/07/2016 |
| ലേല സമയം | : ഉച്ചതിരിഞ്ഞ് 2.30 മണി |
| ദർഘാസ് ഫോറം വിതരണം ചെയ്തു തുടങ്ങുന്ന തിയ്യതി | : 04/07/2016 തിയ്യതി മുതൽ ലേലദിവസം ഉച്ചയ്ക്ക് 12.00 മണി വരെ |
| ദർഘാസുകZ സ്വീകരിക്കുന്ന അവസാന തിയ്യതി | : **ലേലദിവസം ഉച്ചയ്ക്ക് 1.00 മണി വരെ** |

റബ്ബർ മരങ്ങളുടെയും ആയവ നിൽക്കുന്ന ബ്ലോക്കുകളുടെയും ടാപ്പിങ്ങിന്റെ സ്വഭാവത്തെയും കുറിച്ചുള്ള വിശദവിവരങ്ങZ താഴെ ചേർക്കുന്നു.

1. 2 **വർഷത്തേക്ക് റഗുലർ ടാപ്പിങ്ങ് നടത്തേണ്ടവ**

**എ. ബ്ലോക്ക്**

| ബ്ലോക്കിന്റെ പേര് | റബ്ബർ മരങ്ങളുടെ എണ്ണം | പ്രായം | റിമാർക്സ് |
|---|---|---|---|
| സുഹാസിനി | 2900 | 27 | ഈ ഗ്രൂപ്പിനെ ഗ്രൂപ്പ് - **I** എന്നു വിളിക്കുന്നു |

മേൽ കാണിച്ച ബ്ലോക്കിന്റെ ടെണ്ടർ ഫോമിന്റെ വില* : 5000

വിൽപ്പന നികുതി** : 250

---------------------

ആകെ : 5250

ഈ ഗ്രൂപ്പിന് നിരതദ്രവ്യം 43500/- ഉറുപ്പികയായി നിശ്ചയിച്ചിരിക്കുന്നു.

..........................................................................................................................................

**ബി . ബ്ലോക്ക്**

| ബ്ലോക്കിന്റെ പേര് | റബ്ബർ മരങ്ങളുടെ എണ്ണം | പ്രായം | റിമാർക്സ് |
|---|---|---|---|
| പ F വടി (I) | 5600 | 29 | ഈ ഗ്രൂപ്പിനെ ഗ്രൂപ്പ് - II എന്നു വിളിക്കുന്നു |

മേൽ കാണിച്ച ബ്ലോക്കിന്റെ ടെണ്ടർ ഫോമിന്റെ വില* : 5000

വിൽപ്പന നികുതി** : 250

---------------------

ആകെ : 5250

ഈ ഗ്രൂപ്പിന് നിരതദ്രവ്യം 50000/- ഉറുപ്പികയായി നിശ്ചയിച്ചിരിക്കുന്നു.

................................................................................................................................................................................................

**2. ഇതുവരെ ടാപ്പ് ചെയ്യാത്ത റബ്ബർ മരങ്ങൾ 2 വർഷത്തേക്ക് റഗുലർ ടാപ്പിങ്ങ് നടത്തേണ്ടവ**

| ബ്ലോക്കിന്റെ പേര് | റബ്ബർ മരങ്ങളുടെ എണ്ണം | പ്രായം | റിമാർക്സ് |
|---|---|---|---|
| പ F വടി (II) | 477 | 10 | ഈ ഗ്രൂപ്പിനെ ഗ്രൂപ്പ് - **III** എന്നു വിളിക്കുന്നു |

മേൽ കാണിച്ച ബ്ലോക്കിന്റെ ടെണ്ടർ ഫോമിന്റെ വില* ::800

വിൽപ്പന നികുതി** : 40

---------------------

ആകെ : 840

ഈ ഗ്രൂപ്പിന് നിരതദ്രവ്യം .9600/- ഉറുപ്പികയായി നിശ്ചയിച്ചിരിക്കുന്നു.

................................................................................................................................................................................................

**3. 2 വർഷത്തേക്ക് സ്ലോട്ടർ ടാപ്പിങ്ങ് നടത്തേണ്ടവ**

| ബ്ലോക്കിന്റെ പേര് | റബ്ബർ മരങ്ങളുടെ എണ്ണം | പ്രായം | റിമാർക്സ് |
|---|---|---|---|
| കൊക്കോ ഫാം ഏരിയ | 2120 | 62 ന് മേൽ | ഈ ഗ്രൂപ്പിനെ ഗ്രൂപ്പ് - IV എന്നു വിളിക്കുന്നു |

മേൽ കാണിച്ച ബ്ലോക്കിന്റെ ടെണ്ടർ ഫോമിന്റെ വില* : 5000

വിൽപ്പന നികുതി** : 250

---------------------

ആകെ : 5250

ഈ ഗ്രൂപ്പിന് നിരതദ്രവ്യം 42400/- ഉറുപ്പികയായി നിശ്ചയിച്ചിരിക്കുന്നു.

.............................................................................................................................

*ടെണ്ടർ ഫോമിന്റെ വിലയും നിരതദ്രവ്യവും കണക്കാക്കിയിട്ടുള്ളത് കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ (വ്യവസായവും പൊതുമരാമത്തും - ബി ) 2015 ജനുവരി മാസം 5 -)ം തിയ്യതിയിലെ ജി.ഒ.(പി) നമ്പർ : 03/15/ഫിൻ എന്ന ഉത്തരവു പ്രകാരം ആകുന്നു.

**ടെണ്ടർഫോമിന്റെ വിലയുടെ 5%വില്പ്പന നികുതിയായി കണക്കാക്കിയിട്ടുള്ളത് കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ നികുതിയേതര വരുമാന സെല്ലിന്റെ 2010 ജനുവരി മാസം 23 -)ം തിയ്യതിയിലെ ജി.ഒ (പി) നമ്പർ : 31/2010/ ഫിൻ എന്ന ഉത്തരവു പ്രകാരം ആകുന്നു.

ലേലത്തിന്റെ സുഗുമമായ നടത്തിപ്പ് കണക്കിലെടുത്ത് ടെണ്ടർ ഫോമിന്റെ വിലയോ നിരതദ്രവ്യമോ യാതൊരു കാരണവശാലും റൊക്കം പണമായി സ്വീകരിക്കുന്നതല്ല. ഇവ ഡിമാന്റ് ഡ്രാഫ്റ്റ് (ഡി.ഡി.) ആയി തരേണ്ടതാണ്. ടെണ്ടർ ഫോമിന്റെ വിലയും ആയതിനുള്ള വിൽപ്പന നികുതിയും വെവ്വേറെ ഡി.ഡി. ആയി തരേണ്ടതാണ്. പ്രൊഫെസ്സർ & ഹെഡ്, കെ.എ.യു. എസ്റ്റേറ്റ്, വെള്ളാനിക്കര എന്ന പേരിൽ സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കേരള കാർഷിക സർവ്വകലാശാല ശാഖയിൽ മാറ്റത്തക്കവിധമാണ് ഡി.ഡി. എടുക്കേണ്ടത്.

എന്തെങ്കിലും കാരണവശാൽ ലേലം നടക്കാതെ പോയാൽ നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്.

ടെണ്ടർ ഫോമിന്റെ വിലയും നിരതദ്രവ്യവും ടെണ്ടർ ഒന്നിച്ച് ഡിമാന്റ് ഡ്രാഫ്റ്റ് (ഡി.ഡി.) അടക്കം ചെയ്ത് ഈ കാര്യാലയത്തിലേക്ക് പ്രൊഫെസ്സർ & ഹെഡ്, കെ.എ.യു. എസ്റ്റേറ്റ്, വെള്ളാനിക്കര എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ടെണ്ടർ ഫോറം തപാലിൽ ലഭിക്കുവാൻ അതതു ഗ്രൂപ്പുകളുടെ ടെണ്ടർ ഫോറത്തിന്റെ വിലയുടെ കൂടെ 25/- രൂപ തപാൽ ചാർജ് കൂടി ചേർത്ത് മണിയോഡറും പൂർണ്ണ മേൽവിലാസവും അയയ്ക്കേണ്ടതാണ്.

ലേല ദിവസം 2016 ജൂലൈ മാസം 12 - )0 തിയ്യതി ഉച്ചയ്ക്ക് 12.00 മണി വരെ മാത്രമെ ഓഫീസിൽനിന്നും ടെണ്ടർ ഫോറം ലഭിക്കുകയുള്ളൂ. പൂരിപ്പിച്ച ടെണ്ടർ ഫോറം അന്നേ ദിവസം ഉച്ചതിരിഞ്ഞ് 1.00 മണിക്ക് മുൻപായി ഈ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. വൈകി കിട്ടുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

പരസ്യലേലം നടത്തിയശേഷം ടെണ്ടറുകൾ തുറക്കുന്നതും ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം / ടെണ്ടർ ലഭിച്ചയാൾക്ക് ഉറപ്പിക്കുന്നതുമാണ്. ലേലം ഉറച്ചവർ ലേല തുകയുടെ 5% ഓഫീസിൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി ഉടൻ അടയ്ക്കേണ്ടതാണ്. ടാപ്പിങ്ങിനു ആവശ്യമായ ഉപകരണങ്ങളും പാൽ ശേഖരണത്തിനും സംസ്കരണത്തിനും ആവശ്യമായ ഉപകരണങ്ങളും ലേലം / ടെണ്ടർ കൈകൊണ്ട വ്യക്തി കൊണ്ടുവരേണ്ടതാണ്.

ലേലം / ടെണ്ടർ കൈകൊണ്ട വ്യക്തികൾ ലേലതുക മൂന്നു തുല്യ ഗഡുക്കളായി ആദ്യ വർഷത്തിൽ തന്നെ അടയ്ക്കേണ്ടതാണ്. ഇതിൽ ആദ്യ ഗഡു 2016, ജൂലൈ മാസം 25 -)o തിയ്യതിക്ക് മുൻപും 2 -)o ഗഡു 2017, ജനുവരി മാസം 25 -)o തിയ്യതിക്ക് മുൻപും 3 -)o ഗഡു 2017, ജൂലൈ മാസം 25 -)o തിയ്യതിക്ക് മുൻപും അടയ്ക്കേണ്ടതാണ്. ഓരോ ഗഡു തുകയും മുൻകൂറായി ഓഫീസിലടച്ച് രശീതിയാക്കിയതിനു ശേഷം മാത്രമെ ടാപ്പിങ്ങ് തുടങ്ങാവൂ.

കരാർ ഉറപ്പിച്ച വ്യക്തി / സ്ഥാപനം 100/- രൂപയുടെ മുദ്ര പത്രത്തിൽ യൂണിവേഴ്സിറ്റിക്ക് ദർഘാസ് ഫോറത്തിൽ പറഞ്ഞിരിക്കുന്ന കരാർ എഴുതി ലേല തുകയുടെ 5 % ഓഫീസിൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. ആയതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അയ്യാളുടെ പേരിലുള്ള ലേലം റദ്ദുചെയ്യുന്നതും നിരതദ്രവ്യം യൂണിവേഴ്സിറ്റി കണ്ടുകെട്ടുന്നതുമായിരിക്കും.

കരാർ പ്രകാരം കാലാവധി തീർന്ന് യൂണിവേഴ്സിറ്റി വസ്തു വകകൾക്ക് നാശനഷ്ടങ്ങൾ ഒന്നും വരുത്തിയിട്ടില്ല എന്ന് ബോധ്യമായശേഷം മാത്രമേ സെക്യൂരിറ്റി ഡിപ്പോസിറ്റ് വിടുതൽ ചെയ്തു കിട്ടുകയുള്ളൂ. സെക്യൂരിറ്റി ഡിപ്പോസിറ്റ് വിടുതൽ ചെയ്യുന്നതിനു രശീതിയുടെ അസ്സൽ പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. .

<u>നിബന്ധനകൾ</u>

1. ലേലത്തിൽ പങ്ക് കൊള്ളാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം പാൻ കാർഡിന്റെ അസ്സലും ശരി പകർപ്പും നിർബന്ധമായും ഹാജരാക്കണം.
2. ലേലം കൈകൊണ്ടവർ അവർ ടാപ്പിങ്ങിനു നിയോഗിച്ചിട്ടുള്ള ടാപ്പർമാരുടെ പേര് വിലാസം തുടങ്ങിയ വിവരങ്ങളും ടാപ്പർമാർക്ക് കൊടുക്കുന്ന കൂലി, മറ്റു ആനുകൂല്യങ്ങൾ തുടങ്ങിയവയുടെയും വ്യക്തവും വിശദവുമായ രേഖ സൂക്ഷിക്കുകയും പ്രസ്തുത രേഖ കെ.എ.യു.എസ്റ്റേറ്റിന്റെ ഭരണ ചുമതലയുള്ള

പ്രൊഫ്ഫെസ്സർ ആവശ്യപ്പെടുന്ന സമയത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3. ലേലം കൈകൊണ്ടവർ നിയമ പ്രകാരമുള്ള ഇ.പി.എഫ്. രജിസ്ട്രറേഷൻ നടത്തുകയും ടാപ്പർമാരും അവരെ നിയമിച്ചിട്ടുള്ള ലേലക്കാരും ഓരോ മാസവും അടയ്ക്കേണ്ട ഇ.പി.എഫ്. തുക കണക്കാക്കി പ്രസ്തുത തുക അടയ്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തിയ്യതിക്ക് മുൻപായി ഇ.പി.എഫ്. അക്കൌണ്ടിൽ അടച്ച് ആയതിന്റെ അസ്സൽ രശീതിയുടെ ശരി പകർപ്പ് എസ്റ്റേറ്റ് മേധാവിയുടെ മുൻപാകെ ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും അലസതയോ ഉപേക്ഷയോ ലേലം കൈകൊണ്ടവരുടെ ഭാഗത്തുനിന്നു ഉണ്ടാകുന്നപക്ഷം സംഭവിക്കുന്ന സാമ്പത്തിക നഷ്ടം ലേലക്കാർ അടച്ചിട്ടുള്ള കരുതൽ ധനത്തിൽ നിന്നോ നിരതദ്രവ്യത്തിൽ നിന്നോ വസൂലാക്കുന്നതാണ്. മേൽ കാരണം കൊണ്ട് സംഭവിക്കുന്ന സാമ്പത്തിക നഷ്ടം കരുതൽ ധനത്തെയും നിരതദ്രവ്യത്തെയും കവിഞ്ഞു നിൽക്കുന്ന പക്ഷം വ്യത്യാസം വരുന്ന തുക ലേലക്കാരൻ സ്വന്തം കീശയിൽ നിന്ന് നൽകേണ്ടി വരുന്നതാണ്.
4. കേന്ദ്ര പ്ലാന്റേഷൻ ആക്ടിന്റെ എല്ലാ വകുപ്പുകളും ലേലക്കാർക്കും ബാധകമായിരിക്കും.
5. കവറിനു പുറത്ത് ഏതു ഗ്രൂപ്പിൽ ഏതു രീതിയിലുള്ള ടാപ്പിങ്ങിനാണ് ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കണം.
6. ടെണ്ടർ ലഭിച്ചയാൾക്ക് ടാപ്പിങ്ങിനല്ലാതെ മറ്റു അവകാശങ്ങളൊന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല.
7. ടാപ്പിങ്ങ് നടത്തുമ്പോൾ എസ്റ്റേറ്റിലെ മറ്റു വൃക്ഷ വിളകളുടെ കേടുപാടുക**ൾ** വരുത്താനോ മറ്റു സ്റ്റേഷൻ / സ്കീം മുതലായവയുടെ പ്രവർത്തനം തടസ്സപ്പെടുത്താനോ പാടില്ലാത്തതാണ്. ടാപ്പിങ്ങിനായി സ്ഥലം തെളിച്ചെടുക്കുമ്പോ**ൾ** അവിടെ ഉണ്ടാകുന്ന വിറകും മറ്റും സർവ്വകലാശാലയ്ക്ക് അവകാശപ്പെട്ടതാണ്.
8. ടാപ്പിങ്ങ് നിർത്തിവയ്ക്കാൻ ഈ ആപ്പീസിൽനിന്നു അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് നിർത്തേണ്ടതാണ്.
9. പ്രത്യേക കാരണം കാണിക്കാതെ എസ്റ്റേറ്റ് മേധാവിക്ക് ടെണ്ടർ റദ്ദാക്കാനും നിബന്ധനകളിൽ മാറ്റം വരുത്താനും അധികാരം ഉണ്ടായിരിക്കും.
10. സർക്കാർ ലേലത്തിനുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

11. ആദായ നികുതി വകുപ്പിന്റെ നിരക്കുപ്രകാരമുള്ള തുക ടെണ്ടർ ഉറപ്പിച്ചു കിട്ടുന്ന **ആൾ** അടയ്ക്കാൻ ബാധ്യസ്ഥനാണ്. ഇതു 2 1/2 % ആദായ നികുതിയും ആയതിന്റെ 3 % സെസ്സും ആയിരിക്കും.

12. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം 2.30 മണിക്ക് ലേലം നടത്തുന്നതാണ്.

13. രാസ ഉത്തേജകങ്ങ**ൾ** മരത്തിൽ തേച്ചു ടാപ്പിങ്ങ് നടത്തുവാൻ പാടുള്ളതല്ല. ഈ കാരണം കൊണ്ട് കരാറുക്കാരനെ ഒഴിവാക്കുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതുമാണ്.

14. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പാൻ കാർഡിന്റെ പകർപ്പ് സഹിതം ടെണ്ടർ ഫോമോടൊപ്പം സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഉറപ്പിച്ചുകിട്ടുന്ന വ്യക്തി സർക്കാർ ആദായനികുതി സ്വന്തം പാൻ കാർഡ് നമ്പർ കാണിച്ചു അടയ്ക്കാൻ ബാധ്യസ്ഥനായിരിക്കും.

15. ദർഘാസ് ഫോറം ഈ ഓഫീസിൽ നിന്ന് 04/07/2016 - )0 തിയ്യതി മുതൽ 11/07/2016 - )0 തിയ്യതി കൂടിയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ ഉച്ചതിരിഞ്ഞു 2.00 മണി വരെയുള്ള സമയത്ത് ലഭിക്കുന്നതാണ്. ലേല ദിവസമായ 12/07/2016 - )0 തിയ്യതി ഉച്ചയ്ക്ക് 12.00 മണിവരെ മാത്രമെ ദർഘാസ് ഫോറം ഈ ഓഫീസിൽ നിന്ന് ലഭിക്കുകയുള്ളൂ.

16. വാറ്റിന്റെ വിശദ വിവരം

റബ്ബർ മരങ്ങളുടെ സാധാരണ ടാപ്പിങ്ങും
സ്ലോട്ടർ ടാപ്പിങ്ങും - വിൽപ്പന വിലയുടെ 5 %.

Sd/-

പ്രൊഫസ്സർ & ഹെഡ്,

കെ.എ).യു. എസ്റ്റേറ്റ്.

പകർപ്പ് : www.kau.in (വെബ്സൈറ്റ്) / നോട്ടീസ് ബോർഡ് /കെ.എ).യു. ഹെഡ് ആപ്പീസ് / ഹോർട്ടികൾച്ചറൽ കോളേജ് /പൈനാപ്പി**ൾ** റിസർച്ച് സ്റ്റേഷൻ / ഫോറസ്ട്രി കോളേജ്/ക്യാമ്പസ് ഡവലപ്മെന്റ്/പഞ്ചായത്ത്/ കൃഷി ഭവൻ, മാടക്കത്തറ, വെള്ളാനിക്കര, പട്ടിക്കാട് / തൃശൂർ നഗരസഭ (ഒല്ലൂക്കര ഓഫീസ് ) / ഫയൽ